The United Nations was created in 1945, following the devastation of the Second World War, with one central mission: the maintenance of international peace and security. The UN accomplishes this by working to prevent conflict, helping parties in conflict make peace, deploying peacekeepers, and creating the conditions to allow peace to hold and flourish.

The Indian constitution guarantees that all people can participate equally, regardless of their differences and that the rights of everyone are protected. This includes equal

Geography, language and politics. People in India are united by their Geography, language and political beliefs.

India has over 3,000 castes, which are hierarchically graded in different ways across the country.

Other factors that contribute to India's diversity include cultural, religious and regional differences.

That is the reason India is said to be the land that shows Unity in diversity. The term unity in diversity relates to the togetherness or integrity shown by people despite the presence of infinite diversity. India is the birthplace of many religions like Hinduism, Jainism, Sikhism.

In India, Hindi is the mother tongue, but many other dialects and languages are spoken by people of various religions and regions (such as English, Urdu, Sanskrit, Bhojpuri, Bihari, Punjabi, Marathi, Bengali, Odiya, Gujarati, Malayalam, Kashmiri and so on); however, everyone is proud to be a citizen of great India.

The story of India's unity amid variety is remarkable because it conveys a clear message that the Nation is more powerful than any religion or community in particular. Around 1.3 billion people live in harmony and contentment.

These differences can be on the basis of culture, language, ideology, religion, sect, class, ethnicity, etc. Furthermore, the existence of this concept has been since time immemorial.

People from many cultures, religious beliefs, and social statuses coexisting in peace and love is a prime illustration of "Unity in Diversity."

India can join hands with the UN General Assembly's aim to promote world peace by working on the concept "Vasudhaiva Kudumbakam" and also by taking a role as the 'Universal Spiritual Master' or "Viswa Guru", inorder to build a sustainable world of peace, solidarity and harmony for the world's next generations.

വിശ്വശാന്തിക്കായി – മാനവികതയ്ക്കായി, നിലയ്ക്കാത്ത തിരമാലകൾപോലെ, ഭാരതീയ ഋഷിപരമ്പരകളുടെ ആർജ്ജിത ഊർജ്ജം തീരമണയട്ടെ.

ചരിത്ര നിയോഗത്തിന്റെ ഭാഗമായുള്ള വിശ്വശാന്തി മഹായാഗത്തിന്റെ ആദ്യാവസാനം കൂടെ നിന്ന് നയിക്കുവാൻ അങ്ങയെ ഭക്ത്യാദരപൂർവ്വം ജഗദീശ്വരന്റെ നാമത്തിൽ ക്ഷണിക്കുന്നു.

**"ലോകാഃ സമസ്താഃ സുഖിനോ ഭവന്തു"**

സ്നേഹാദരങ്ങളോടെ...

കെ. സജിത്കുമാർ
സംയോജകൻ
വിശ്വശാന്തി മഹായാഗം
കാലടി, എറണാകുളം
ഫോൺ : 09447700318

04.09.2024



ധന്യാത്മൻ,

**"രാഷ്ട്രായ സ്വാഹ ഇദം നഃമമ**
**ലോകഹിതം മമ കരണീയം"**

സനാതന ധർമ്മത്തിന്റെ അതി ബൃഹത്തായ മൂല്യമെന്തെന്നാൽ ലോകത്തിലെ സർവ്വ ചരാചരങ്ങളുടെയും ക്ഷേമവും, സർവ്വൈശ്വര്യസമൃദ്ധിയും മാത്രമാണെന്നത് അവിതർക്കിതമാണല്ലോ.

അതിനാൽ തന്നെ സർവ്വ മതങ്ങളുടെയും മാതാവായ സനാതന ധർമ്മം ഉരുത്തിരിഞ്ഞ ഭാരതത്തിൽ ഇദംപ്രഥമമായി നടക്കുന്ന "വിശ്വശാന്തി മഹായാഗ"ത്തിനായി "കാലടി" ഉണരുമ്പോൾ ചരിത്രത്തിലാദ്യമായി കർഷകരുടെയും, ധീര സൈനികരുടെയും, സർവ്വ ഗുരുനാഥന്മാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഭാവി തലമുറകൾക്കും, കൂടാതെ ഭാരതാംബയുടെ ക്ഷേമത്തിനും, സർവ്വൈശ്വര്യത്തിനും, സമ്പദ്സമൃദ്ധിക്കും സർവ്വോപരി ലോകസമാധാനത്തിനും, ശാന്തിക്കും, അഭിവൃദ്ധിക്കുമായി വേദ വിധിപ്രകാരം ഭാരതത്തിലെ മഹാഋഷി പരമ്പരയിലെ അതിശ്രേഷ്ഠരായ പുണ്യാത്മാക്കൾ ചേർന്ന് നടത്തുന്ന ഈ മഹത് സംരംഭത്തിൽ സഹോദര മത മേലദ്ധ്യക്ഷന്മാരും, വിശ്വാസി സമൂഹവും പങ്കാളികളാവും എന്നതാണ് ഏറ്റവും അർത്ഥവത്തായ കാര്യം.

കലികാല വൈഭവമെന്നോണം പഞ്ച "മ" കാരത്തിന്റെ അതിപ്രസരം മൂലം കുടുംബ ബന്ധങ്ങൾ താറുമാറാവുകയും വ്യക്തികൾ ലക്ഷ്യബോധമില്ലാതെ പോകുകയും ചെയ്യുന്ന സാഹചര്യത്തിൽ കുടുംബത്തിന്റെ കെട്ടുറപ്പിനും സന്താനങ്ങളുടെ സർവ്വൈശ്വര്യ സമൃദ്ധിക്കും, ദീർഘായുസിനും സർവ്വോപരി യുവഭാരതം കെട്ടിപ്പടുക്കുന്നതിനും വേണ്ടി, മൂന്ന് ദിവസത്തെ വ്രതശുദ്ധിയോടെ അമ്മമാർക്ക് യാഗത്തിൽ പങ്കെടുക്കാമെന്നത് അതിശ്രേയസ്കരം തന്നെ.

വിശ്വ ഗുരുവിലേക്കുള്ള ഭാരതത്തിന്റെ പ്രയാണത്തിൽ ഈ യാഗവും ഹേതുവാകുമെന്നത് നമ്മുടെ ഊർജ്ജം വർദ്ധിപ്പിക്കുന്നു.

**"ആകാശാത് പതിതം തോയം**
**യഥാ ഗച്ഛതി സാഗരം**
**സർവ്വദേവ നമസ്കാരഃ**
**കേശവം പ്രതി ഗച്ഛതി"**

ആകാശത്ത് എവിടെനിന്നും പതിക്കുന്ന ജലം പല വഴികളിലൂടെ ഒഴികിയെത്തി സാഗരത്തിൽ ചേരുന്നതുപോലെ, ഏതു ദേവനെ വിളിച്ചാലും ആത്യന്തികമായി വൈകുണ്ഠവാസനായ നാരായണനിലേക്കെത്തുമെന്നും, "വസുധൈവ കുടുംബക"മെന്നും ഉദ്ഘോഷിച്ച മഹാ സംസ്കൃതിയുടെ പിൻതലമുറക്കാരായ നമ്മൾ– ഭാരതീയർക്കല്ലാതെ ലോകസമാധാനത്തിനും ശാന്തിക്കുമായി മറ്റാർക്കാണ് ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുകയെന്നതും കാലിക പ്രസക്തമാണ്.

വേദങ്ങളുടെ കർമ്മഭാഗമാണ് യാഗങ്ങൾ. യജുർവേദമാണ് യാഗങ്ങളുടെ നടത്തിപ്പിനെക്കുറിച്ച് വിവരിക്കുന്നത്. മന്ത്രങ്ങൾ പ്രധാനമായും ഋഗ്വേദത്തിലാണ്. യാഗത്തിൽ ഋഗ്യജുസ്സാമവേദങ്ങൾ ഒന്നായി സമ്മേളിച്ചിരിക്കുന്നു.

വേദകാലം മുതൽ സനാതന ധർമ്മ വിശ്വാസികളുടെ ആരാധനാ രീതിയാണ് യാഗം അഥവാ യജ്ഞങ്ങൾ. യാഗം നാലുവിധമാണ്-ഇഷ്ടി, പശുബന്ധം, സോമം, ഹോമം എന്നിവ. സംഹിതയിലൂന്നിയുള്ള 86 യാഗങ്ങളാണ് വേദങ്ങളിലുള്ളത്. ഇതിനെത്തന്നെ രണ്ടായി തരംതിരിക്കാം. കാമ്യ യാഗങ്ങളും, നിഷ്കാമ്യ യാഗങ്ങളും. ഇതിൽ കാമ്യ യാഗമെന്നാൽ യാഗം നടത്തുന്നവർ ഫലം പ്രതീക്ഷിച്ചും നിഷ്കാമ്യ യാഗമെന്നാൽ സ്വഫലമിഛിക്കാതെ സമാജത്തിന്റെയും, രാഷ്ട്രത്തിന്റെയും അഭിവൃദ്ധിക്കായി നടത്തുന്നതും.

നാം ഒന്ന് – വേലിക്കെട്ടുകളില്ലാത്ത, അതിർവരമ്പുകളില്ലാത്ത, യൂറോപ്പെന്നോ, ആഫ്രിക്കയെന്നോ, ഏഷ്യയെന്നോ വിളിച്ചകറ്റി നിർത്തുന്ന അതിർത്തികളില്ലാത്ത ഒരു ലോകം. അതാണ് സനാതന ധർമ്മം വിഭാവനം ചെയ്ത 'ഒരൊറ്റ ലോകം ഒരൊറ്റ ജനത' – **"വസുധൈവ കുടുംബകം."**

'വസുധൈവ കുടുംബകം' എന്ന മഹാഉപനിഷത്ത് ആറാമധ്യായത്തിലെ ആപ്തവാക്യം ഇൻഡ്യൻ പാർലമെന്റിന്റെ പ്രവേശന ഹാളിൽ എഴുതി വച്ചിട്ടുണ്ട്.

പ്രകൃതിയെന്ന മഹാശക്തിക്ക് ജാതിയോ, മതമോ, രാഷ്ട്രീയമോ, രാഷ്ട്രമോ, വലിയവനോ, ചെറിയവനോ, പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ ഇല്ല. ഒരു വിഭാഗത്തിനും പ്രത്യേകമായി ഒന്നും നൽകിയിട്ടില്ല. ഈ പ്രപഞ്ചത്തിലുള്ള സകല ചരാചരങ്ങൾക്കും താങ്ങായി ഒരേയൊരു ശക്തി തന്നേയുള്ളൂ. ഈ ലോകം എന്നത് ഒരു കുടുംബമാണ്. പ്രകൃതി ഒന്നും പ്രതീക്ഷിക്കാതെ സകല ജീവജാലങ്ങൾക്കും എല്ലാം നൽകി. മനുഷ്യരാകട്ടെ, കിട്ടിയതൊന്നും പോരാഞ്ഞിട്ട്, ആർത്തിപൂണ്ട് പ്രകൃതിയുടെ ആവാസ വ്യവസ്ഥയെ തകർക്കുന്ന രീതിയിൽ അതിനെ ദ്രോഹിച്ചുകൊണ്ടേയിരുന്നു. പ്രകൃതിയുടെ നിലവിളി ആര് കേൾക്കാൻ, ആര് പരാതിപ്പെടാൻ. പ്രകൃതി അതിന്റെ സന്തുലിതാവസ്ഥ നിലനിർത്താൻ സ്വാഭാവികമായി ശ്രമിക്കും– ഓരോ സമയങ്ങളിൽ അത് നമ്മൾ കണ്ടുകൊണ്ടേയിരിക്കുന്നു. അതിന് നമ്മൾ ഓരോരുത്തരും കൂട്ടുത്തരവാദികളാണ്.

കാലിക ലോകം കാംക്ഷിക്കുന്ന കരുത്തുറ്റ കരുതലാണ് വിശ്വശാന്തി അഥവാ ലോക സമാധാനം. മാനവികതയ്ക്കു മുകളിൽ സ്വാർത്ഥനേട്ടങ്ങൾ ചിറകു വിരിക്കുമ്പോഴാണ് ലോകത്ത് അശാന്തി ഉടലെടുക്കുന്നത്. പ്രകൃതി ഈ സൗരയൂഥത്തിൽ ഒരു സൂര്യനേയും ഒരു ചന്ദ്രനേയും ഒരു ഭൂമിയേയും അതിർ വരമ്പുകളില്ലാതെ വായുവും ജലവും അഗ്നിയും ആകാശവും, സർവ്വചരാചരങ്ങൾക്കുമായി തന്നു. തങ്ങൾക്കാവശ്യമായവ ഉപയോഗിച്ച് സഹവർത്തിത്വത്തോടെ ജീവിക്കുവാൻ പ്രകൃതി കനിഞ്ഞു. മനുഷ്യനൊഴിച്ചുള്ള എല്ലാ ജീവജാലങ്ങളും പ്രകൃതി നിയമങ്ങളെ അനുസരിച്ചു. സ്വാർത്ഥമോഹികളും കൂടുതലറിവും ബുദ്ധിയുമുണ്ടെന്ന ഗർവ്വും മനുഷ്യമനസ്സുകളിൽ എല്ലാത്തിനും അതിരുകൾ വരച്ചു. വെട്ടിപ്പിടിച്ചും കീഴടക്കിയും പിന്നീടവ സംരക്ഷിച്ചും, എല്ലാം തന്റേതാക്കി ഭൗതിക ലോകം ആസ്വദിക്കാമെന്ന അവന്റെ വ്യാമോഹം ലോകത്തിന്റെ സമാധാനം കെടുത്തി. എന്നാൽ ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂ എന്ന് യുഗങ്ങൾക്ക് മുൻപ് തിരിച്ചറിഞ്ഞ് ഉരുത്തിരിഞ്ഞുവന്ന സനാതന ധർമ്മം, ആയതിനു പരിഹാരമായി മഹാഉപനിഷത്തിന്റെ ആറാമധ്യായത്തിൽ പ്രതിപാദിച്ച മഹത്തായ ആശയമാണ് 'വസുധൈവ കുടുംബകം' അഥവാ 'ലോകം ഒരു കുടുംബം.'

കലിയുഗ സാഗരത്തിലകപ്പെട്ടുഴലുന്ന മാനവരാശിയുടെ ചെയ്തികളിൽ ലോകം വിറങ്ങലിച്ച് നിൽക്കുമ്പോൾ വിശ്വശാന്തിക്കും, ലോകസമാധാനത്തിനും, സർവ്വ ജീവജാലങ്ങളുടെയും ക്ഷേമാഭിവൃദ്ധിക്കുമായി ശ്രീ നാരായണ ഗുരുദേവന്റെയും, ചട്ടമ്പിസ്വാമികളുടെയും, മഹാത്മ അയ്യങ്കാളിയുടെയും, സംപൂജ്യ സത്യാനന്ദ സരസ്വതി സ്വാമി തിരുവടികളുടെയും പിറവികൊണ്ട് പവിത്രമായ ദൈവത്തിന്റെ സ്വന്തം നാട്-കേരളത്തിൽ, ദിഗ്വിജയി ആദിശങ്കരന്റെ ജന്മം കൊണ്ട് പുളകിതയായ കാലടിയുടെ മണ്ണിൽ ഒരു വ്യാഴവട്ടക്കാലം നീണ്ടു നിൽക്കുന്ന മഹാതപസ്സിന് പ്രാരംഭം കുറിക്കുകയാണ്.

ജാതി-മത-വർണ്ണ-വർഗ്ഗ-ദേശ ഭാഷ-രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇദം പ്രഥമമായി നടക്കുന്ന ഈ മഹത് കർമ്മത്തിന്റെ ഭാഗമാകുവാൻ ഭഗവത് പാദസേവയിൽ സാദരം പ്രണാമങ്ങളോടെ "ശ്രേഷ്ഠ ഭാരത്" സ്വാഗതമോതുന്നു.